ശ്രീ. കളത്തിൽ അബ്ദുള്ള : സർ, ഈ മൽസ്യക്കുഞ്ഞുങ്ങളുടെ വിത്തുകൾ പ്രസരണം നടത്തുന്നത് കണ്ടൽ കാടുകളുടെ സമീപത്താണെന്നാണ് അറിയുന്നത്. ഈ സാഹചര്യത്തിൽ ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെയും ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റേയും ജോയിന്റ് വെൻചർ ആയി ഒരു കണ്ടൽക്കാട് വ്യാപകമായി നമ്മുടെ തീരക്കടൽ പ്രദേശത്ത് കൊണ്ടുവരുന്നതിന് വല്ല നടപടിയും സ്വീകരിക്കുമോ?

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : ഏറ്റവും നല്ല നിർദ്ദേശമാണ്. ഇപ്പോൾത്തന്നെ നിർമ എന്ന സ്ഥാപനം കഴിഞ്ഞ വർഷം തന്നെ കണ്ടൽക്കാട് വച്ചു പിടിപ്പിക്കുന്നതിന് വേണ്ടിയുള്ള പദ്ധതി ആരംഭിക്കുകയും സെലക്ട് ചെയ്തിട്ടുള്ള പഞ്ചായത്തുകളിൽ പഞ്ചായത്തിന്റെ സഹായത്തോടുകൂടി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നമ്മൾ പുതുതായിട്ട് കേന്ദ്ര ഗവൺമെന്റിൽ 2.34 കോടി രൂപ അടങ്കൽ വരുന്ന ഒരു പദ്ധതി സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി വ്യാപകമായി കണ്ടൽ കൃഷി വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കണമെന്നാണ് വിചാരിക്കുന്നത്.

ശ്രീ. കളത്തിൽ അബ്ദുള്ള: സർ, തീരക്കടലിലും ആഴക്കടലിലുമൊക്കെ വിദേശകപ്പലുകൾ ഇപ്പോൾ വന്നിട്ട് മൽസ്യക്കൊയ്ത്ത് നടത്തിപ്പോകുകയാണ്. ഇത് നിയന്ത്രിക്കാൻ കേന്ദ്രത്തിൽ വല്ല സമ്മർദ്ദവും ചെലുത്തുമോ?

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : ഔദ്യോഗികമായി തീരക്കടലിലും ആഴക്കടലിലും ഇങ്ങനെ നടക്കുന്നതായി അറിവില്ല. എന്നാലും ഇടയ്ക്കിടയ്ക്ക് വാർത്തകൾ വരുന്നുണ്ട്. അതുകൊണ്ടുതന്നെ വളരെ കർശനമായി ഇവയെ നിയന്ത്രിക്കണമെന്ന നിവേദനങ്ങൾ കേന്ദ്രത്തിൽ കൊടുത്തിട്ടുണ്ട്. പ്രധാനമന്ത്രി ഇവിടെ വന്നപ്പോഴും മൽസ്യ ഇറക്കുമതി യടക്കമുള്ള കാര്യങ്ങളിൽ കേരളത്തിന്റേതായ അഭിപ്രായം അംഗീകരിക്കണമെന്നും കേന്ദ്ര ഗവൺമെന്റ് എടുക്കുന്ന തീരുമാനങ്ങൾ, എടുക്കുന്നതിനുമുൻപായി സംസ്ഥാന ഗവൺമെന്റിനെ അറിയിക്കണമെന്നും ഞങ്ങൾ അഭ്യർത്ഥിച്ചിട്ടുണ്ട്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

സ്പോർട്സ് സ്കൂൾ വിദ്യാർത്ഥികൾക്ക് അന്തർദേശീയ കോച്ചുകളുടെ പരിശീലനം ലഭ്യമാക്കാൻ നടപടി

5 [*294] ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പോർട്സ് സ്കൂൾ വിദ്യാർത്ഥികൾക്ക് എന്തെല്ലാം സഹായങ്ങളാണ് സർക്കാർ അനുവദിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ബി) സ്പോർട്സ് സ്കൂളിൽ ആകെ എത്ര വിദ്യാർത്ഥികൾ പഠിക്കുന്നുവെന്ന് അറിയിക്കുമോ;

(സി) സ്പോർട്സ് സ്കൂളുകളിലെ കായികതാരങ്ങൾക്ക് ആധുനിക പരിശീല നവും ലോകനിലവാരമുള്ള കോച്ചുകളെയും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സ്പോർട്സ് സ്കൂൾ വിദ്യാർത്ഥികൾക്ക് സ്പോർട്സ് മെഡിസിൻ ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുമോ ?

ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഡൊമിനിക് പ്രസന്റേഷൻ):

(എ) ജി. വി. രാജാ സ്പോർട്സ് സ്കൂൾ/കണ്ണൂർ ഗവൺമെന്റ് ഹൈസ്കൂൾ സ്പോർട്സ് ഡിവിഷൻ എന്നീ സ്ഥാപനങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് ഒരു ദിവസം 30 രൂപ (മുപ്പത് രൂപ) ഡയറ്റ് ചാർജ്ജ് നൽകുന്നു. ഇത് 1-12-2004 മുതൽ 45 രൂപയാക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ വർഷംതോറും കായികോപകരണങ്ങൾ വാങ്ങുന്നതിനു സാമ്പത്തിക സഹായം നൽകുന്നു. പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന ശ്രീ. അയ്യൻകാളി മെമ്മോറിയൽ ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂളിൽ 5-ാം ക്ലാസ്സ് മുതൽ 10-ാം ക്ലാസ്സ് വരെയുള്ള പട്ടികജാതി-പട്ടികവർഗ്ഗ കുട്ടികളെ താമസിപ്പിച്ച് പഠിപ്പിക്കുന്നതിനുപുറമെ സ്പോർട്സിലും ഗെയിംസിലും പരിശീലനം നൽകി വരുന്നു. അവർക്ക് ഭക്ഷണം, പഠനോപകരണങ്ങൾ, വസ്ത്രം, സ്പോർട്സ് ആവശ്യത്തിനുള്ള സാധനങ്ങൾ എന്നിവ സൗജന്യമായി നൽകുന്നു. ഇവരെ പരിശീലിപ്പിക്കുന്നതിന് സ്പോർട്സ് കൗൺസിലിൽ നിന്നും കോച്ചുകളെയും, പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും മറ്റു അദ്ധ്യാപകരെയും നിയമിച്ചിട്ടുണ്ട്. വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ജി. വി. രാജാ മൊമ്മോറിയൽ സ്കൂൾ, തിരുവനന്തപുരം/കണ്ണൂർ ഗവൺമെന്റ് ഹൈസ്ക്കൂൾ എന്നീ സ്കൂളുകളിലുള്ള കുട്ടികൾക്ക് സ്പോർട്സ് കൗൺസിലിൽനിന്നും പ്രതിമാസം 40 രൂപ പോക്കറ്റ് മണിയും നൽകുന്നുണ്ട്.

(ബി) വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്പോർട്സ് സ്കൂളുകളിൽ ജി. വി. രാജായിൽ 360-ഉം, കണ്ണൂർ സ്പോർട്സ് സ്കൂളിൽ 168-ഉം പട്ടികജാതി വകുപ്പിന്റെ കീഴിലുള്ള സ്കൂളിൽ 163-ഉം വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്.

(സി) വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്പോർട്സ് സ്കൂളുകളിൽ ഇപ്പോൾ പരിശീലനം നൽകുന്നത് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട്, ബാംഗ്ലൂർ എന്ന സ്ഥാപനത്തിൽ നിന്ന് വിദഗ്ദ്ധപരിശീലനം ലഭിച്ച കോച്ചുകളാണ്. പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ അയ്യങ്കാളി ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂളിൽ കേരളാ സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കോച്ചുകളെ നിയമിച്ചിട്ടുണ്ട്. ഇവർ ആധുനിക പരിശീലനമാണ് നൽകി വരുന്നത്. ലോക നിലവാരമുള്ള കോച്ചുകളെ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നുമുണ്ട്.

(ഡി) തിരുവനന്തപുരത്തെ ജി. വി. രാജാ സ്പോർട്സ് സ്കൂളിലെ വിദ്യാർത്ഥികൾക്ക് രാജീവ് ഗാന്ധി സ്പോർട്സ് മെഡിസിൻ സെന്ററിൽ നിന്ന് വൈദ്യസഹായം നൽകി വരുന്നുണ്ട്. അയ്യങ്കാളി ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂളിലേക്ക് ഈ സൗകര്യം പ്രയോജനപ്പെടുത്താവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly